**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3467** **12-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ക്ലീൻ ഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വിജിൻ | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന 'കൂൺ ഗ്രാമം' പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതി വഴി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കുമോ;

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY- RAFTAAR 2022-23-ൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം 'കൂൺ ഗ്രാമം'പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിലെ ധർമ്മടം, ന്യൂമാഹി, തലശ്ശേരി, എരഞ്ഞോളി, മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, കോടിയേരി, പിണറായി, വേങ്ങാട് എന്നീ പഞ്ചായത്തുകളെയും പേരാവൂർ ബ്ലോക്കിലെ മാലൂർ, പേരാവൂർ, മുഴക്കുന്ന്, കോളയാട്, കണിച്ചാർ, കേളകം, കൊട്ടിയൂർ എന്നീ പഞ്ചായത്തുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

കൂൺ ഗ്രാമം പദ്ധതിയിൽ 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു കൂൺ ഗ്രാമത്തിൽ നൂറ് ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, രണ്ടു വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, ഒരു സ്പോൺ ഉത്പാദന യൂണിറ്റ്, പത്തു കമ്പോസ്റ്റ് യൂണിറ്റുകൾ, രണ്ടു പാക്ക് ഹൗസുകൾ, മൂന്നു സംസ്കരണ യൂണിറ്റുകൾ, നൂറു പേർക്ക് പരിശീലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി വഴി, നൽകിവരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

| **നമ്പർ** | **ഘടകം** | **യൂണിറ്റുകളുടെ എണ്ണം** | **പദ്ധതി ചെലവ് (ലക്ഷത്തിൽ** | **ധനസഹായം (ലക്ഷത്തിൽ** |
|---|---|---|---|---|
| 1 | ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 11250 രൂപ) | 100 | 28.1250 | 11.25 |
| 2 | വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 2,00,000 രൂപ) | 2 | 10.00 | 4.00 |
| 3 | സ്പോൺ ഉത്പാദന യൂണിറ്റ്(40% സബ്സിഡി @ 2,00,000 രൂപ) | 1 | 5.00 | 2.00 |
| 4 | കമ്പോസ്റ്റ് യൂണിറ്റുകൾ (50% സബ്സിഡി @ 50,000 രൂപ) | 10 | 10.00 | 5.00 |
| 5 | പാക്ക് ഹൌസുകൾ (50% സബ്സിഡി @ 2,00,000 രൂപ) | 2 | 8.00 | 4.00 |
| 6 | സംസ്കരണ യൂണിറ്റുകൾ (50% സബ്സിഡി @ 1,00,000 രൂപ) | 3 | 6.00 | 3.00 |
| 7 | പരിശീലനം (പങ്കെടുക്കുന്നവരുടെ എണ്ണം) | 100 | 1.00 | 1.00 |
| | **ആകെ** | | **68.125** | **30.25** |

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി) കൂൺ ഗ്രാമം പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നു വരുന്ന ഘട്ടങ്ങളിൽ കല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളെ പരിഗണിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ